**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2228** **20.06.2012-ൽ മറുപടിക്ക്**

## കോഴിക്കോട് മെഡിക്കൽ കോളേജിൽ പി.എം.എസ്.എസ്.വൈ. പദ്ധതിയുടെ അംഗീകാരം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | **ശ്രീ. വി. എസ്. ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| എ) കോഴിക്കോട് മെഡിക്കൽ കോളേജിന് പി.എം.എസ്.എസ്.വൈ. പദ്ധതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ; | എ) കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ 29.04.2011ലെ 29022/04/07-SSH നമ്പർ കത്ത് പ്രകാരം 'പ്രധാനമന്ത്രി സ്വാസ്ഥ്യ സുരക്ഷാ യോജന പദ്ധതി'യുടെ മൂന്നാം ഘട്ടത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിനെ ഉൾപ്പെടുത്തി പദ്ധതിക്ക് തത്ത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി കേന്ദ്ര ഗവൺമെന്റ് രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ കമ്മറ്റിയിൽ, മെഡിക്കൽ കോളേജ് പ്രിൻസിപ്പലിനെയും ജില്ലാ കളക്ടറേയും ഒരു സീനിയർ ഫാക്കൽട്ടി മെമ്പറെയും സർക്കാർ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്ക് മൊത്തം മൂലധന ചെലവായി കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്നത് 150 കോടി രൂപയാണ്. തുകയൊന്നും തന്നെ ലഭ്യമായിട്ടില്ല. |
| ബി) പ്രസ്തുത പദ്ധതിയിൽ കേന്ദ്ര സംസ്ഥാന സർക്കാരുടെ വിഹിതം എത്രയാണെന്ന് പറയാമോ ; സംസ്ഥാന വിഹിതം നീക്കിവച്ചിട്ടുണ്ടോ ; അതിൽ എത്ര തുക ഇതുവരെ ചെലവഴിച്ചുവെന്നും അറിയിക്കുമോ ? | ബി) മൂലധന ചെലവായ 150 കോടി രൂപയിൽ 125 കോടി രൂപ കേന്ദ്ര സർക്കാരും, 25 കോടി രൂപ സംസ്ഥാന സർക്കാരും വഹിക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ വിഹിതം അനുവദിക്കുന്ന മുറക്ക് സംസ്ഥാനവിഹിതം നീക്കിവയ്ക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്; തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ